**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ :1010** **10.02.2016-ലെ മറുപടിയ്ക്ക്**

**ടൂറിസം വകുപ്പിലെ ഉയർന്ന തസ്തികകൾക്ക വേണ്ട യോഗ്യതകൾ**

| **ചോദ്യം**<br>**ശ്രീ.കെ.വി.അബ്ദുൾഖാദർ** | **ഉത്തരം**<br>**ശ്രീ.എ.പി.അനിൽകുമാർ**<br>**(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി)** |
|---|---|
| (എ) ടൂറിസം വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരെ സ്ഥലം മാറ്റുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; ചട്ടവിരുദ്ധമായി സ്ഥലംമാറ്റങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നാൽ വിവരങ്ങൾ വ്യക്തമാക്കുമോ; | (എ) ടൂറിസം വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരുടെ സീനിയോറിറ്റിയും ഭരണപരമായ അത്യാവശ്യവും കണക്കാക്കിയാണ് സ്ഥലം മാറ്റം നടപ്പിലാക്കുന്നത്. ചട്ടവിരുദ്ധമായി സ്ഥലം മാറ്റം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ടൂറിസം വകുപ്പിലെ അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ തസ്തികയ്ക്ക് വേണ്ട യോഗ്യതകൾ എന്തൊക്കെയാണ്, നിലവിൽ പ്രസ്തുത യോഗ്യതയുള്ളവരാണോ ആ തസ്തികകളിൽ ജോലി ചെയ്യുന്നത്, യോഗ്യത ഉണ്ടായിട്ടും നിയമനം നൽകിയില്ലെന്ന പരാതി ഏതെങ്കിലും ജീവനക്കാരൻ നൽകിയിട്ടുണ്ടോ; അതിന്മേൽ സ്വീകരിച്ച നടപടി എന്താണ്; | (ബി) ടൂറിസം വകുപ്പിലെ അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ തസ്തികയിലേയ്ക്ക് നിലവിൽ ബിരുദമാണ് യോഗ്യത. നിലവിൽ പ്രസ്തുത യോഗ്യതയുള്ളവരാണ് ടി തസ്തികകളിൽ ജോലി ചെയ്യുന്നത്. യോഗ്യത ഉണ്ടായിട്ടും നിയമനം നൽകിയില്ലെന്ന ഒരു ജീവനക്കാരന്റെ പരാതി പരിശോധിച്ച വരുന്നു. |
| (സി) പ്രസ്തുത തസ്തികയ്ക്ക് വേണ്ട എല്ലാ യോഗ്യതയും ഉള്ള എത്ര ജീവനക്കാർ സീനിയർ സൂപ്രണ്ട് തസ്തികകളിൽ നിലവിലുണ്ട് ? | (സി) വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിൽ 9 പേരാണുള്ളത്. ഇതിൽ 7 പേർ അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ തസ്തികയിലേക്ക് യോഗ്യരാണ്. |

സെക്ഷൻ ഓഫീസർ